"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തന പദ്ധതി നിർദ്ദേശങ്ങൾ - വിദ്യകിരൺ മിഷന്റെ ചുമതലകൾ കൂടി ഉൾപ്പെടുത്തി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.9954/2025/GEDN തീയതി,തിരുവനന്തപുരം, 29-11-2025

---

പരാമർശം:- 1. 22-03-2025 ലെ സ.ഉ.(സാധാ) നം.2182/2025/GEDN

2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 14.10.2025 ലെ DGE/11778/2023-QIP1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമായുള്ള പ്രവർത്തന പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിച്ച്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പൊതുവിദ്യാഭ്യാസ രംഗത്തെ ഗുണത വർദ്ധിപ്പിക്കുന്നതിനായി വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ ഏകോപനം എന്നത് നവകേരളം കർമ്മപദ്ധതിയിൽ വിദ്യാകിരണം മിഷൻ്റെ ലക്ഷ്യങ്ങളിലൊന്നായി നിശ്ചയിച്ചിട്ടുണ്ട് എന്നും ആയതിനാൽ വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിലുള്ള വിവിധ ഏജൻസികളുടെ ചുമതലകൾ പരാമർശിക്കുന്ന ഭാഗത്ത് വിദ്യാകിരണം മിഷന്റെ ചുമതലകൾ കൂടി ഉൾപ്പെടുത്തി ഭേദഗതി മാർഗ്ഗ രേഖ / ആക്ഷൻ പ്ലാൻ പുറപ്പെടുവിക്കണമെന്നു പരാമർശം (2) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിദ്യാകിരണം മിഷന്റെ ചുമതലകൾ കൂടി ഉൾപ്പെടുത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ഇതോടൊപ്പം **അനുബന്ധമായി** ചേർത്തിരിക്കുന്ന മാർഗ്ഗ രേഖ / ആക്ഷൻ പ്ലാൻ അംഗീകരിച്ച്കൊണ്ട് പരാമർശം ( 1 ) ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു. ഓരോ ഏജൻസിയും ഏറ്റെടുത്ത് നടപ്പിലാക്കേണ്ട/നിർവഹിക്കേണ്ട ചുമതലകൾ മാർഗ്ഗരേഖയിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇതിനായുള്ള പ്രതീക്ഷിത ബഡ്ജറ്റും തുക ചെലവഴിക്കേണ്ട ശീർഷകവും ഉൾപ്പെടുത്തിയിട്ടുണ്ട്.

അവ സമയബന്ധിതമായും ഫലപ്രദമായും ഏകോപിപ്പിച്ച് നടപ്പിലാക്കിയെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

4. പ്രസ്തുത ഭേദഗതികളോടെ പരാമർശം ( 1 ) ഉത്തരവ് നില നിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജുകുമാർ ബി റ്റി

ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വിദ്യാകിരണം മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി., തിരുവനന്തപുരം

ഡയറക്ടർ, സമഗ്ര ശിക്ഷാ കേരളം, തിരുവനന്തപുരം

ഡയറക്ടർ, സീമാറ്റ്-കേരള, തിരുവനന്തപുരം

ഡയറക്ടർ, എസ്.ഐ.ഇ.ടി., തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൈറ്റ്, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം

Signed by
Sindhu.s
സെക്ഷൻ ഓഫീസർ
Date: 01-12-2025 10:56:43